പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5813 — 27.10.2011-ൽ മറുപടിയ്ക്ക്

## കിസാൻ അഭിമാൻ പദ്ധതി

| *ചോദ്യം* | | *മറുപടി* | |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീ. പി. തിലോത്തമൻ :<br>ശ്രീ. ഇ ചന്ദ്രശേഖരൻ :<br>ശ്രീ. കെ. രാജു : | | ***ശ്രീ . കെ.പി.മോഹനൻ***<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | കിസാൻ അഭിമാൻ പദ്ധതിക്കു കീഴിൽ എത്ര നെൽ കർഷകർക്ക് ഇപ്പോൾ പെൻഷൻ ലഭിക്കുന്നുണ്ട്; | (എ) | കിസാൻ അഭിമാൻ പദ്ധതിക്കു കീഴിൽ 13696 നെൽകർഷകർക്ക് പ്രതിമാസം 300/- രൂപ നിരക്കിൽ ഇപ്പോൾ പെൻഷൻ ലഭിക്കുന്നുണ്ട്. 17 നെൽ കർഷകർക്കുകൂടി പദ്ധതിയിൽ അംഗത്വം നൽകി പെൻഷൻ ആനുകൂല്യം വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ചെറുകിട നാമമാത്ര കർഷകർക്ക് ഇതേ രീതിയിൽ പെൻഷൻ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇവർക്ക് പെൻഷൻ നൽകാനുദ്ദേശിക്കുന്നുണ്ടോ; | (ബി) | നെൽ കർഷകർക്കു മാത്രമല്ല മറ്റ് കൃഷികൾ ചെയ്തിട്ടുള്ള ചെറുകിട നാമമാത്ര കർഷകർക്കു കൂടി ഈ വർഷം മുതൽ ഇതേ രീതിയിൽ പെൻഷൻ നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് എല്ലാ കർഷകർക്കും പെൻഷൻ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഇതിന്റെ പ്രയോജനം ലഭിക്കുന്ന കർഷകരുടെ എണ്ണം എത്ര വരുമെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (സി) | കൃത്യമായി കണക്കാക്കിയിട്ടില്ല. ഏകദേശം 5 ലക്ഷം പേർക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | കർഷക പെൻഷൻ ലഭിക്കുന്നതിന് എന്തെങ്കിലും പൊതുമാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | (ഡി) | നെൽ കർഷകർക്കുള്ള പെൻഷൻ ലഭിക്കുന്നതിന് പൊതു മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് കർഷകർക്കുള്ള പെൻഷനും പൊതു മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | എല്ലാ കർഷകർക്കും പെൻഷൻ എന്നു മുതൽ നൽകിത്തുടങ്ങാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) | എല്ലാ കർഷകർക്കും പെൻഷൻ 2011-12 സാമ്പത്തിക വർഷത്തിൽ തന്നെ നൽകി തുടങ്ങാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |

R.R. Balija

സെക്ഷൻ ഓഫീസർ